*Kerala Catholic Bishops' Council's*


# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

169th Issue - Volume 5, No. 3 ജാഗ്രത 27th January 2011

"മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5:16)



ST. JOHN BOSCO

**Commission Chairman**
Bp. Mar Thomas Chakiath

**Vice Chairmen**
Bp. Joshua Mar Ignathios
Bp. Dr. Vincent Samuel

**Commission Secretary**
Fr. Philip Nelpuraparambil

## പ്രധാന വാർത്തകൾ

മതം, മതേതരത്വം, മതന്യൂനപക്ഷം, ന്യൂനപക്ഷാവകാശം - ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ

---

രാഷ്ട്രീയവത്കരണം പൊതുവിദ്യാഭ്യാസത്തെ നശിപ്പിച്ചു: അബ്ദുൾ സമദ് സമദാനി

---

വാരാന്ത്യവിചാരങ്ങൾ

മതം, രാഷ്ട്രീയം,ജനാധിപത്യം

കേരളത്തിൽ സ്വതന്ത്രചിന്ത അവസാനിക്കുകയാണോ എന്നു ചിലപ്പോൾ തോന്നാറുണ്ട്. മാധ്യമങ്ങൾ എപ്പോഴും ഉയർത്തിക്കാട്ടുന്നതു വർഗീയവാദികളെയോ വർഗസമരവാദികളെയോ, എന്നുവച്ചാൽ മറ്റു മതങ്ങളെ ദ്വേഷിക്കുന്നവരെയോ അല്ലെങ്കിൽ എല്ലാ മതങ്ങളെയും നിഷേധിക്കുന്നവരെയോ ആണല്ലോ. ഈ രണ്ടു വിഭാഗങ്ങളും ശരിയായ ഈശ്വരവിശ്വാസത്തെ അന്യമാക്കാൻ ശ്രമിക്കുകയാണെന്നു പറയാം. മതവിശ്വാസങ്ങളെയും മതവിശ്വാസികളെയും അവഹേളിക്കുകയും പരിഹാസ്യവിഷയമായി ചിത്രീകരിക്കുകയും ചെയ്യുന്നത് ഇന്നു മിക്ക മാധ്യമങ്ങൾക്കും ഹരമായിത്തീർന്നിട്ടുണ്ടല്ലോ. അവർ ചെയ്യുന്നത് എന്തെന്ന് അവർ അറിയുന്നില്ല എന്നുവേണം പറയാൻ. മതത്തെയും ദൈവചിന്തയെയും മാറ്റിനിറുത്തിയാൽ സമൂഹജീവിതം എങ്ങനെ ദുഃസഹമായിത്തീരുമെന്ന് ഒരുപക്ഷേ അനുഭവിച്ചാലേ അവർക്കു മനസിലാവുകയുള്ളൂ. ഇക്കൂട്ടരുടെ ചിന്താഗതിയാണു ഭരണഘടന മതന്യൂനപക്ഷങ്ങൾക്കു നല്കുന്ന പരിരക്ഷയെ വികലമായി വ്യാഖ്യാനിക്കാനും നിഷേധിക്കാനും ഇടയാക്കുന്നത്. വർഗീയവാദികളും വർഗസമരവാദികളും ഒരുമിച്ച് എതിർക്കുന്നത് മതന്യൂനപക്ഷങ്ങളുടെ നിലനില്പിനെയാണ്. ഇതിൽ വർഗസമരവാദികൾക്കു കേരളത്തിൽ മുൻതൂക്കമുള്ളതുകൊണ്ട് എല്ലാ മതങ്ങളുടെയും നിലനില്പിനെത്തന്നെ നിഷേധിക്കുന്ന മനോഭാവം വളർത്തിയെടുക്കാനാണ് ഇവിടെ ശ്രമം. ഇവരുടെ പ്രചാരണതന്ത്രങ്ങളിൽ കുടുങ്ങി മതങ്ങളോടു ബന്ധപ്പെട്ടുള്ള സംസ്കാരം നിലനിറുത്താനായി ഭരണഘടന ന്യൂനപക്ഷമതവിഭാഗങ്ങളുടെ വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനു നല്കുന്ന പരിരക്ഷയെ വേണ്ടരീതിയിൽ മനസിലാക്കാൻ പലർക്കും സാധിക്കുന്നില്ല. ഇന്നു പ്രതിപക്ഷത്തുള്ളവരും- പ്രത്യേകിച്ചും അവരുടെ യുവജനസംഘടനകൾ- വർഗസമരവാദികളുടെ ഇത്തരം നിലപാടുകൾ ഏതാണ്ട് സ്വീകരിക്കുന്നതായി കാണുന്നതു നിർഭാഗ്യകരമാണ്. മതന്യൂനപക്ഷ വിരുദ്ധപ്രചാരണത്തിൽ പലരും കുടുങ്ങിപ്പോകുന്നതു ഭരണഘടനാശില്പികളുടെ മനോഭാവം നമുക്കു നഷ്ടമാകുന്നതുകൊണ്ടാണ്. ഭരണഘടനയെ നയിച്ച ചൈതന്യമാണു നാമിന്നു സ്വന്തമാക്കേണ്ടത്.

## ഭരണഘടനയിലെ വിശാലവീക്ഷണം

ഭരണഘടനാനിർമാണ ചർച്ചയിൽ പങ്കെടുത്തവരിൽ നിരീശ്വരവാദികളും കേവലയുക്തിവാദികളുമെല്ലാമുണ്ടായിരുന്നു. എന്നാൽ മതവും ഭാഷയും മനുഷ്യനെ ആഴമായി സ്വാധീനിക്കുന്ന ശക്തികളാണെന്നും ഭാരതത്തിലെ ബഹുഭൂരിപക്ഷം ആളുകളും മതവിശ്വാസികളാണെന്നും അവർക്ക് അറിയാമായിരുന്നു. പുതിയ ജനാധിപത്യസംവിധാനത്തിൽ മതങ്ങളുടെ നിലനില്പ് ഉറപ്പാക്കണമെന്നു തന്നെയായിരുന്നു ഭരണഘടനാശില്പികളുടെ ചിന്ത. അതുകൊണ്ട് സമഗ്രമായ മതസ്വാതന്ത്ര്യം അവർ മൗലികാവകാശമായി പ്രഖ്യാപിച്ചതിൽ വിസ്മയിക്കാനില്ല. ന്യൂനപക്ഷ മതസമൂഹങ്ങൾ നിലനില്ക്കണമെങ്കിൽ അവരുടെ പുതിയ തലമുറകൾക്കു മതസംസ്കാരത്തിന്റെ അന്തരീക്ഷത്തിൽ വളരാൻ കഴിയണമെന്ന ചിന്തയാണ് അന്നു ഭരണഘടനാശില്പികളെ നയിച്ചത്. ഭാഷാടിസ്ഥാനത്തിലുള്ള സംസ്കാരം നിലനില്ക്കാനും അവരുടെ കുട്ടികളുടെ പരിശീലനരംഗത്ത് അവർക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. അത് അവരുടെ മൗലികാവകാശമാണുതാനും. ഈ കാഴ്ചപ്പാടും ഭരണഘടന സ്വാംശീകരിച്ചു. ഭാഷയേയും മതത്തേയും അടിസ്ഥാനമാക്കിയുള്ള ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ അവകാശത്തിനാണു ഭരണഘടന സംരക്ഷണം നല്കുന്നത്. രണ്ടിനെയും സമഭാവനയോടെ ഭരണഘടന കാണുന്നു. ഈയിടെ ന്യൂനപക്ഷങ്ങളെ കണക്കാക്കേണ്ടതു സംസ്ഥാനാടിസ്ഥാനത്തിൽ ആയിരിക്കണമെന്നു കോടതി പറഞ്ഞുവച്ചല്ലോ. അതിനു കാരണമായി ചൂണ്ടിക്കാട്ടിയ ഒരു കാര്യം ഭാഷാന്യൂനപക്ഷത്തെയും മതന്യൂനപക്ഷത്തെയും ഒരുപോലെയാണു ഭരണഘടന കാണുന്നത് എന്നുള്ളതായിരുന്നു. ഈ തുല്യസമീപനം നാം മനസിലാക്കേണ്ടതാണ്.

ഭാഷാടിസ്ഥാനത്തിലുള്ള ഒരു സംസ്ഥാനത്തു മറ്റൊരു ഭാഷ നിലനില്ക്കണമെങ്കിൽ പരിരക്ഷകൂടാതെ പറ്റില്ല. സംസ്ഥാനത്തെ ഭൂരിപക്ഷത്തിന്റെ ഭാഷയാണല്ലോ സംസ്ഥാനഭാഷ. സ്വന്തം ഭാഷയും സംസ്കാരവും അങ്ങനെയൊരു സംസ്ഥാനത്ത് സംരക്ഷിക്കുന്നതിനാവശ്യമായ നിയമം നിർമിക്കുക ഭാഷാടിസ്ഥാനത്തിലുള്ള ന്യൂനപക്ഷത്തിനു നിയമസഭവഴി സാധിക്കാൻ പ്രയാസമാണ്. അതുകൊണ്ടാണ് അവർ പ്രത്യേക സംരക്ഷണം അർഹിക്കുന്നത്.കേരളത്തിലെ ഭൂരിപക്ഷ സമുദായത്തിൽപ്പെട്ട ചിലർക്കു തമിഴ് ഭൂരിപക്ഷമുള്ള തമിഴ്നാട്ടിൽ മലയാളാടിസ്ഥാനത്തിലുള്ള സ്കൂളുകളുണ്ട്. അവ തീർച്ചയായും ന്യൂനപക്ഷ അവകാശ സംരക്ഷണത്തിന് അർഹമാണ്. അങ്ങനെയുള്ള വിദ്യാലയങ്ങളിൽ വിദ്യാർഥി പ്രവേശനത്തിനും അധ്യാപകനിയമനത്തിനും മാനേജുമെന്റിനു സ്വാതന്ത്ര്യമില്ലെങ്കിൽ പിന്നെ അവിടെ മലയാളം വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിൽ എന്തെങ്കിലും അർഥമുണ്ടോ? മറ്റു വിഷയങ്ങൾ പഠിപ്പിക്കുന്നതോടൊപ്പം മലയാളഭാഷയും

സംസ്കാരവും ഫലപ്രദമായി കൈമാറുന്നുവെന്ന് ഉറപ്പുവരുത്താനും അതിനാവശ്യമായ ബോധനം നല്കാനും ശിക്ഷണക്രമം പുലർത്താനും മാനേജ്മെന്റിന് അധികാരമുണ്ടായിരിക്കേണ്ടതും അവശ്യമാണ്. ഇതേ നിലപാടാണു മതന്യൂനപക്ഷങ്ങളോടും ഉണ്ടായിരിക്കേണ്ടത്.

## വേണ്ടതു യാഥാർഥ്യബോധവും വിശാലവീക്ഷണവും

മതവിരുദ്ധരല്ലാത്തവർക്കേ ന്യൂനപക്ഷാവകാശത്തിന്റെ പൊരുൾ മനസിലാവുകയുള്ളൂ. വർഗീയവാദികൾക്കു തങ്ങളുടേതല്ലാത്തവരുടെ മതവിശ്വാസം വളർത്തുന്നതും നിലനിറുത്തുന്നതും സഹിക്കാനാവില്ല. വർഗസമരവാദികൾ എല്ലാ മതവിശ്വാസങ്ങൾക്കും എതിരാണല്ലോ. ഈ ഇരുകൂട്ടരും ഇവരുടെ കെണിയിൽപ്പെടുന്നവരും ഇപ്പോൾ ശ്രമിക്കുന്നതു ന്യൂനപക്ഷാവകാശത്തെ, സാമൂഹ്യ- സാമ്പത്തിക പിന്നോക്കാവസ്ഥയിൽ ആയിരിക്കുന്നവർക്കു നല്കുന്ന ആനുകൂല്യങ്ങളോടു സമാനമാക്കാനാണ്. സാമൂഹ്യ- സാമ്പത്തിക പിന്നോക്കക്കാർക്കു ലഭിക്കുന്ന സംവരണവും മറ്റു സഹായങ്ങളുംവഴി ഇങ്ങനെ ഈ വിഭാഗങ്ങൾ ഈ രംഗങ്ങളിൽ മുന്നേറുമ്പോൾ ഇത്തരം ആനുകൂല്യങ്ങൾ ഉപേക്ഷിക്കാവുന്നതാണ്, ഉപേക്ഷിക്കേണ്ടതുമാണ്. അല്ലെങ്കിൽ വിപരീതവിവേചനം ആകുമെന്നു പറയുന്നതു തെറ്റല്ല. എന്നാൽ ഭാഷാ-മത ന്യൂനപക്ഷങ്ങൾക്കു കൂടുതൽ വിദ്യാലയങ്ങൾ ഉണ്ടാകുന്നതുകൊണ്ട് അവരുടെ അവകാശം നഷ്ടപ്പെടുമെന്നു പറയുന്നതു തികച്ചും യുക്തിരഹിതമാണ്. വിദ്യാലയങ്ങൾ എത്ര കൂടിയാലും അവർ ന്യൂനപക്ഷമായിരിക്കുന്നിടത്തോളം കാലം അവർക്ക് അവരുടെ മതസ്വാതന്ത്ര്യം നിയമനിർമാണംകൊണ്ട് സ്വയം സംരക്ഷിക്കാനാവില്ല. കേരളത്തിൽ ഭാഷാന്യൂനപക്ഷമായ തമിഴർക്ക് എത്ര സമ്പത്തുണ്ടായാലും, എത്ര വിദ്യാലയങ്ങൾ ഉണ്ടായാലും, അവരുടെ വിദ്യാഭ്യാസസ്വാതന്ത്ര്യം സ്വന്തം ശക്തികൊണ്ട് സംരക്ഷിക്കാനാവില്ലല്ലോ. അവർ ന്യൂനപക്ഷമായിരിക്കുന്നിടത്തോളം കാലം അവരുടെ സംസ്കാരം സംരക്ഷിക്കാൻ വിദ്യാഭ്യാസരംഗത്തു സംരക്ഷണം കൂടിയേതീരൂ. ഇതുതന്നെയാണു മതന്യൂനപക്ഷങ്ങളുടെയും സ്ഥിതി. വിദ്യാഭ്യാസരംഗത്തു പുരോഗമിക്കുന്നതുകൊണ്ട് ന്യൂനപക്ഷാവസ്ഥ മാറുന്നില്ല. മതവിശ്വാസത്തിന്റെയും ധാർമികതയുടെയും സംസ്കാരം പരിശീലനം നല്കുന്നത് അവർക്ക് സ്വയം സംരക്ഷിക്കാൻ കഴിയില്ല. മതന്യൂനപക്ഷങ്ങളുടെ വിശ്വാസവും ധാർമികതയും- അവരുടെ സംസ്കാരം- നിലനിറുത്തണം എന്നുള്ളതിനാലാണ് അവരുടെ വിദ്യാഭ്യാസസ്വാതന്ത്ര്യം സംരക്ഷിക്കപ്പെടേണ്ടത് എന്നു സമ്മതിക്കാൻ വർഗീയവാദികളും വർഗസമരവാദികളും സമ്മതിക്കാൻ തയാറല്ല എന്നതാണ് അടിസ്ഥാനപ്രശ്നം. അതുകൊണ്ടാണ് അവർ ഇത്തരം മുടന്തൻന്യായങ്ങൾ തപ്പിനടക്കുന്നത്. എന്നാൽ, ഈ ന്യൂനപക്ഷമതവിഭാഗങ്ങൾ നിലനില്ക്കണം, അവരും ഭാരതത്തിന്റെ വൈവിധ്യമാർന്ന സംസ്കാരത്തിന് അനുപേക്ഷണീയമാണ്, ഭരണഘടനാവ്യവസ്ഥ അവരുടെ സമത്വത്തിന്റെ സംരക്ഷണത്തിനു കൂടിയേതീരൂ എന്ന നിലപാടാണു ഭരണഘടനാശില്പികൾ സ്വീകരിച്ചത്. ഭരണഘടനയുടെ മതേതരത്വം മതവിരുദ്ധതയല്ലായിരുന്നു. അത് എല്ലാ മതങ്ങളോടുമുള്ള സഹിഷ്ണുതയുടെ ദർശനമായിരുന്നു. രാഷ്ട്രത്തിന്റെ മതപരമായ നിഷ്പക്ഷതയെ മാത്രമാണ് അതു സൂചിപ്പിക്കുന്നത്.

## രാഷ്ട്രീയവത്കരണം പൊതുവിദ്യാഭ്യാസത്തെ നശിപ്പിച്ചു: അബ്ദുൾ സമദ് സമദാനി

കേരളത്തിൽ കഴിഞ്ഞ നാലര വർഷക്കാലത്തെ രാഷ്ട്രീയാതിപ്രസരം മൂലം പൊതുവിദ്യാഭ്യാസം തകർന്നുവെന്ന് അബ്ദുൾ സമദ് സമദാനി. പാലാരിവട്ടം പിഒസിയിൽ നടന്ന ചാവറ അനുസ്മരണ ചടങ്ങിൽ പൊതുവിദ്യാഭ്യാസം: പ്രശ്നങ്ങളും പ്രസക്തിയും എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പതിനഞ്ചു പേർ ചേർന്ന് ആയിരങ്ങളുടെ വിദ്യാഭ്യാസം മുടക്കുന്ന നിലയിലേക്കു വിദ്യാഭ്യാസരംഗം മാറി. നിലവാരത്തകർച്ച പൊതുമുദ്രയായി. ഭരിക്കുന്ന പാർട്ടിയുടെ നോട്ടീസായി പാഠപുസ്തകങ്ങളെ മാറ്റി. പാർട്ടി നേതാക്കളെ പ്രകീർത്തിക്കുന്ന വിദ്യാഭ്യാസമാണു വളർത്തിക്കൊണ്ടുവരാൻ ശ്രമിക്കുന്നത്. ഇങ്ങനെയുള്ള പ്രവൃത്തികൾ നടക്കുന്ന ലോകത്തിലെ ഒരേയൊരു സ്ഥലം കേരളമാണ്. എത്ര നിന്ദ്യമായാണു നമ്മൾ വിദ്യാഭ്യാസത്തെ കാണുന്നതെന്നതിനുള്ള തെളിവാണിത്. കാമ്പസുകളെ അക്കാദമികളാക്കാൻ കഴിയാതായിരിക്കുന്നു. വഴിപിഴച്ച രാഷ്ട്രീയസങ്കൽപ്പം തിരുത്താതെ ഇതിൽനിന്നു രക്ഷപ്പെടാനാകില്ല. ആ സംസ്കാരത്തെ ഇവിടത്തെ കാമ്പസുകളിലേക്കു വലിച്ചിഴച്ചു കൊണ്ടുവരികയാണ്. എന്നാൽ, ഇതു രാഷ്ട്രീയമല്ല, രാഷ്ട്രീയത്തിന്റെ അതിപ്രസരമാണ്. അതു കേരളത്തെയാകെ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ വിശ്വാസ്യത നഷ്ടപ്പെടാൻ അതു കാരണമായി. സഹവർത്തിത്വത്തിന്റെ സന്ദേശമുയർത്തിയാണ് ചാവറയച്ചനെപോലുള്ളവരുടെ നേതൃത്വത്തിൽ ക്രൈസ്തവസമുദായം കേരളത്തിന്റെ പൊതുവിദ്യാഭ്യാസരംഗത്തെ മഹത്വവത്കരിച്ചത്.

ബഹുസ്വരതയുടെ കോണിലൂടെയാണ് അവർ വിദ്യാഭ്യാസത്തെ വീക്ഷിച്ചത്. എല്ലാ മനുഷ്യരുടെയും അന്ത:സത്ത ഉൾക്കൊള്ളുന്ന സംസ്കാരമുണ്ടാകണമെന്നാണ് അവർ ആഗ്രഹിച്ചത്. അതുകൊണ്ടാണു കേരളത്തിനു മികച്ച സംസ്കാരമുണ്ടായത്. ഇത്രയും കാര്യങ്ങൾ ചെയ്തതിനു കഴിഞ്ഞ നാലര വർഷക്കാലം അവർ കേൾക്കേണ്ടിവന്ന പഴികളെത്രയാണ്! രൂപത എന്ന സുന്ദരവും വിശുദ്ധവുമായ പദത്തെപോലും എത്രമാത്രം അവമതിച്ചു. മതത്തെ പരിഹസിക്കലാണോ സ്കൂളുകളിൽ പഠിപ്പിക്കേണ്ടത്? അറിവ് ചോദ്യം ചെയ്യാനും മുദ്രാവാക്യം വിളിക്കാനും മാത്രമാക്കി മാറ്റിയിരിക്കുന്നു. പ്രതിലോമവിദ്യാഭ്യാസമാണ് ഇതിലൂടെ വളർത്താൻ ശ്രമിക്കുന്നത്. കഴിയുന്നിടത്തോളം ഭാഷയെ അവഗണിക്കുകയാണ് ഈ സർക്കാർ ചെയ്യുന്നത്. ഭാഷയെ ഒഴിച്ചു നിർത്തിയുള്ള ഒരു വിദ്യാഭ്യാസം അസാധ്യമാണ്. മാതൃഭാഷയെയും അറബി, ഉറുദു, സംസ്കൃതം തുടങ്ങിയവയെയും അവഗണിക്കുകയാണ്. കേരളത്തിലെ എല്ലാ ഭാഷാധ്യാപകരും സമരമാർഗത്തിലാണ്. ഭാഷ മനുഷ്യന്റെ സ്വത്വപ്രകാശത്തിന്റെ മാധ്യമമാണെന്ന തിരിച്ചറിവ് ഇവർക്കു നഷ്ടപ്പെട്ടിരിക്കുന്നു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിനു പകരം ലൈംഗിക വിദ്യാഭ്യാസമാണ് ഈ സർക്കാർ പ്രോത്സാഹിപ്പിക്കുന്നത്. ഇതു പാശ്ചാത്യസംസ്കാരത്തിൽനിന്നു കടമെടുത്തതാണ്. പിതാവിനെ നിഷേധിക്കുന്ന സംസ്കാരം ജർമനി പോലുള്ള രാജ്യങ്ങളിൽ വ്യാപകമാണ്. ആ സംസ്കാരത്തിന്റെ കടമെടുപ്പാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. മാതാപിതാക്കളോടുള്ള ബഹുമാനമായിരുന്നു നമ്മുടെ പാരമ്പര്യ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനം. സ്കൂളിൽ ഇതു പഠിപ്പിച്ചാൽ ആകാശം ഇടിഞ്ഞുപോകുമെന്നാണ് ചിലർ കരുതുന്നത്. വിദ്യാഭ്യാസത്തെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ പുനർനിർമിക്കാനുള്ള ശ്രമമാണു വേണ്ടത്. ലോകത്തിന്റെ ഇന്നിന്റെ ഏറ്റവും വലിയ പ്രശ്നം സ്നേഹശൂന്യതയാണ്. ക്ലാസ് മുറികളിലേ ഇതു പുനർനിർമിക്കാനാകൂ. എല്ലാ ശാസ്ത്രവും പുണ്യമാണെന്ന നിഗമനം തള്ളിപ്പറയേണ്ടിവരും. ജീവിതത്തെ തകർക്കുന്ന വിദ്യാഭ്യാസം വേണ്ടെന്നു വയ്ക്കാൻ നമ്മൾ തയാറാകണമെന്നും സമദാനി ആവശ്യപ്പെട്ടു. സിഎംഐ പ്രിയോർ ജനറാൾ ഫാ.ജോസ് പന്തപ്ലാംതൊട്ടിയിൽ ചടങ്ങിൽ അധ്യക്ഷനായിരുന്നു. ഡോ. കെ.എസ്. രാധാകൃഷ്ണൻ ആമുഖപ്രഭാഷണം നടത്തി. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഡോ. സ്റ്റീഫൻ ആലത്തറ ആശംസ നേർന്നു. കാക്കനാട് ചാവറ സെക്രട്ടേറിയറ്റ് സെക്രട്ടറി റവ.ഡോ. തോമസ് ഐക്കര സിഎംഐ ഉപഹാര സമർപ്പണം നടത്തി. ചാവറ കൾച്ചറൽ സെന്റർ ഡയറക്ടർ ഫാ. റോബി കണ്ണൻചിറ സിഎംഐ സ്വാഗതവും ജോൺ പോൾ നന്ദിയും പറഞ്ഞു.

## വാരാന്ത്യവിചാരങ്ങൾ

### മതം, രാഷ്ട്രീയം, ജനാധിപത്യം

മതവിശ്വാസികൾ തങ്ങളുടെ രാഷ്ടീയനേട്ടങ്ങൾക്ക് വിലങ്ങുതടിയാകുമെന്നു കരുതുമ്പോഴാണ് മതം രാഷ്ട്രീയത്തിലിടപെടുന്നു; അത് അപകടകരമാണ് എന്ന വിലാപം രാഷ്ട്രീയപാർട്ടികൾ ഉയർത്തുന്നത്. മതവിശ്വാസത്തെ തങ്ങളുടെ രാഷ്ട്രീയലാഭത്തിനു വേണ്ടി ഉപയോഗിക്കാൻ കഴിയുമ്പോഴും ഉപയോഗിക്കുമ്പോഴും അങ്ങനെ ഒരു വിചാരമോ വിലാപമോ രാഷ്ട്രീയ കക്ഷികൾ ഉയർത്താറില്ല. അതുകൊണ്ടുതന്നെ മതം രാഷ്ട്രീയത്തിലിടപെടുന്നുവെന്ന ആക്രോശത്തിന്റെ രാഷ്ട്രീയലക്ഷ്യം നമ്മൾ തിരിച്ചറിയേണ്ടതുണ്ട്.

മതവിശ്വാസത്തോടും വിശ്വാസികളോടുമുളള ഇന്ത്യൻ ഭരണഘടനയുടെയും ജനാധിപത്യത്തിന്റെയും നിലപാടുകൾ ഉൾക്കൊളളാൻ കഴിയാത്തവരാണ് ഈ മുറവിളി ഉയർത്തുന്നതെന്ന കാര്യവും ശ്രദ്ധേയമാണ്. ഒരു മതത്തോടും താദാത്മ്യപ്പെടാതെ എല്ലാ മതങ്ങളേയും ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന നിലപാടാണ് ഭരണഘടനയുടേത്. എല്ലാ മതങ്ങൾക്കും നിലനിൽക്കാനും വളരാനുമുളള അവകാശം സംരക്ഷിക്കുന്നതാണ് നമ്മുടെ ഭരണഘടന. ഈ നിലപാട് മതന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം സുപ്രധാനമാണ്. ന്യൂനപക്ഷാവകാശം ഈ മതങ്ങളോടുളള നിലപാടുകളിൽനിന്നും ഉരിത്തിരിഞ്ഞതാണല്ലോ. ന്യൂനപക്ഷങ്ങൾ സ്വന്തമായി വിദ്യാലയങ്ങൾ സ്ഥാപിച്ചു നടത്തി വിദ്യാർത്ഥികളെ തങ്ങളുടെ മതസംസ്കാരത്തിൽ പരിശീലിപ്പിച്ച് നിലനിൽക്കാനും വളരാനുമുളള അവകാശത്തെ നിഷേധിക്കുന്നവർ നമ്മുടെ ജനാധിപത്യത്തെ അംഗീകരിക്കാത്തവരാണ്.

മതവിശ്വാസത്തെക്കുറിച്ച് ഇന്ത്യൻ ജനാധിപത്യവും ഭരണഘടനയും ഉറപ്പുതരുന്ന മൂല്യങ്ങൾ ഉൾക്കൊളളുന്നവരാണോ നമ്മുടെ രാഷ്ട്രീയപാർട്ടികൾ എന്ന കാര്യം എപ്പോഴും വിലയിരുത്തപ്പെടേണ്ടതാണ്. തിരഞ്ഞെടുപ്പുകൾ ഇങ്ങനെയൊരു വിലയിരുത്തലിന്റെ അവസരവുമാണ്. അങ്ങനെയൊരു വിലയിരുത്തൽ നമ്മുടെ ജനാധിപത്യത്തിനും ഭരണഘടനയ്ക്കും വേണ്ടി മതവിശ്വാസികൾ നടത്തണമെന്നുപറയുന്നതിനെ മതം രാഷ്ട്രീയത്തിലിടപെടുന്നുവെന്ന് ആരോപിക്കുന്നവർ ജനാധിപത്യവിരുദ്ധരാണെന്ന് നമ്മൾ തിരിച്ചറിയണം. നമ്മുടെ നിലപാടുകൾ എപ്പോഴും ഇന്ത്യൻ ജനാധിപത്യത്തിനും ഭരണഘടനയ്ക്കും മതേതരത്വത്തിനും വേണ്ടിയാണല്ലോ.

**"Jagratha News"** – An internet news service is free and for private circulation
**Web:** www.kcbcsocialharmony.org
**Blog:** jagrathakcbc.blogspot.com
**Designed and Edited by** Fr. Philip Nelpuraparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA